# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**28/09/2011-ൽ ബഹു.ഗതാഗതവും ദേവസ്വവും വകുപ്പു മന്ത്രി മറുപടി നൽകേണ്ടിയിരുന്നതും ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി മറുപടി പറയുന്നതിനായി കൈമാറ്റം ചെയ്യപ്പെട്ട് ലഭിച്ചിട്ടുള്ളതുമായ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 826**

**മോട്ടോർ തൊഴിലാളി ക്ഷേമനിധി പരിഷ്ക്കരണം**

**ചോദ്യം**

**ശ്രീ. പി.കെ. ഗുരുദാസൻ**

(എ) സംസ്ഥാനത്തെ മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ പ്രവർത്തനത്തിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

**മറുപടി**

**ശ്രീ. ഷിബു ബേബിജോൺ**
**(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)**

(എ) ഉണ്ട്. വിലയിരുത്തപ്പെട്ട പോരായ്കൾ ക്രമമായി ചുവടെ ചേർക്കുന്നു.

1. കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയുടെ 2005-ലെ പരിഷ്കരിച്ച പദ്ധതി നിലവിൽ വരുന്നതിന് മുമ്പുള്ള 1985-ലെ പദ്ധതിയിൽ അംഗങ്ങളായിരുന്ന തൊഴിലാളികൾക്ക് പുതുക്കിയ പദ്ധതിയിൽ അംഗങ്ങളാകണമെങ്കിൽ ഒരു അപേക്ഷയും 2 ഫോട്ടോകളും 25/- രൂപ റീ രജിസ്ട്രേഷൻ ഫീസും ഒടുക്കേണ്ടതാണെന്ന് 07/06/2005 തീയതിയിലെ 59/2005/തൊഴിൽ നമ്പർ ഗവൺമെന്റ് ഉത്തരവിലെ ഖണ്ഡിക (8)ൽ നിഷ്കർഷിച്ചിരിക്കുന്നത് കാരണം ധാരാളം തൊഴിലാളികൾ റീ രജിസ്ട്രേഷൻ എടുക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ 1985-ലെ ക്ഷേമ പദ്ധതി പ്രകാരം അംഗങ്ങളായ തൊഴിലാളികളെ പരിഷ്കരിച്ച പദ്ധതിയിൽ അംഗങ്ങളായി കണക്കാക്കി അവരിൽ നിന്നും അധികമായി ആവശ്യമുള്ള അപേക്ഷകൾ കൂടി വാങ്ങി രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കി

മുൻകാല സർവ്വീസ് കണക്കാക്കി ക്ഷേമനിധിയിൽ അംഗത്വം നിലനിർത്താവുന്ന തരത്തിൽ പദ്ധതി ഭേദഗതി ചെയ്യേണ്ടതുണ്ട്.

2. ബഹു.ഹൈക്കോടതിയുടെ 835/08-ാം നമ്പർ റിട്ട് അപ്പീലിന്മേലും അനുബന്ധ കേസുകളിന്മേലും ഉള്ള വിധിയിൽ Motor Transport Undertaking എന്ന നിർവചനത്തിൽ സ്കൂൾ ബസ്സുകൾ വരില്ലായെന്നും ആയതിനാൽ അവയെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുന്നുവെന്നും ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ടി സ്ഥാപനങ്ങളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്തണമെങ്കിൽ ആവശ്യമായ നിയമ ഭേദഗതി വരുത്തണമെന്നും കോടതി നിർദ്ദേശിച്ചിരുന്നു. ഈ സാഹചര്യത്തിൽ ക്ഷേമനിധി നിയമത്തിന്റെ ഖണ്ഡിക 2 (H) ഭേദഗതി ചെയ്ത് '' വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വാഹനങ്ങൾ'' എന്നു കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്.

3. കേരളാ മോട്ടോർ വെഹിക്കിൾ ടാക്സേഷൻ ആക്ടിലെ സെക്ഷൻ 4(7) പ്രകാരം വാഹന നികുതി അടയ്ക്കുന്നത് ക്ഷേമനിധി അടച്ച രസീത് ഹാജരാക്കണം (produce) എന്നു മാത്രമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതിന്റെ മറവിൽ ക്ഷേമനിധി അടച്ചതിന്റെ വ്യാജരസീത് കാണിച്ച് വാഹന നികുതി അടയ്ക്കുന്നതിനായി ധാരാളം പരാതികൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ക്ഷേമനിധി അടച്ചതിന്റെ രസീത് R.T.O ഓഫീസുകളിൽ ബന്ധപ്പെട്ട രജിസ്റ്ററുകളിൽ രേഖപ്പെടുത്തി അവ ഫയൽ ചെയ്യുന്നതിനുള്ള നിയമ ഭേദഗതി വരുത്തേണ്ടതുണ്ട്.

4. കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) നിയമം 2005 ഖണ്ഡിക 4 പ്രകാരം 1952-ലെ എംപ്ലോയീസ് - പ്രോവിഡന്റ് ഫണ്ടും മിസലേനിയസ് പ്രൊവിഷൻസ് ആക്ട് (1952-ലെ സെൻട്രൽ ആക്ട് - 19) അല്ലെങ്കിൽ 1972-ലെ Payment of Gratuvity Act (1972-ലെ

സെൻട്രൽ ആക്ട് - 39) നടപ്പാക്കിയിട്ടുള്ള മോട്ടോർ വ്യവസായ സ്ഥാപനങ്ങൾ ഒഴികെ മറ്റു വാഹനങ്ങളിലെ ഉടമകളും തൊഴിലാളികളും സ്വയം തൊഴിൽ ചെയ്യുന്നവരും കാലാകാലങ്ങളിൽ ഗവൺമെന്റ് തീരുമാനിക്കുന്ന തുകയുടെ അടിസ്ഥാനത്തിൽ ക്ഷേമനിധി വിഹിതം അടച്ചിരിക്കണം എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി നിയമത്തിന്റെ പഴുതുകൾ ഉപയോഗിച്ച് പല വാഹന ഉടമകളും ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാകു ന്നതിന് ശ്രമങ്ങൾ നടത്തുന്നതായി ബോദ്ധ്യപ്പെട്ടുണ്ട്. ഇത് ഒഴിവാക്കുന്നതി നായി മേൽ പ്രസ്താവിച്ച ഖണ്ഡിക 4-ൽ വിവക്ഷിച്ചിരിക്കുന്ന Payment of Gratuvity Act -1972 (സെൻട്രൽ ആക്ട് - 39, 1972) എന്ന ഭാഗം ഒഴിവാക്കേണ്ടതാണ്.

5. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ 12263/09, 11389/09 എന്നീ കേസുകളിന്മേലുള്ള ഉത്തരവ് പ്രകാരം ഡ്രൈവിംഗ് സ്കൂളുകളെ ക്ഷേമനിധി വിഹിതം അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കുകയുണ്ടായി. അയതിനാൽ കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ ഖണ്ഡിക 2 (H) ഭേദഗതി ചെയ്ത് "ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങൾ" എന്ന് കൂടി ഉൾപ്പെടുത്തേണ്ടതാണ്.

6. 2005-ലെ പരിഷ്ക രിച്ച പദ്ധതി പ്രകാരം തൊഴിലുടമാ വിഹിതവും തൊഴിലാളി വിഹിതവും ആദ്യഗഡു ഡിഡിയായും തുടർന്നുള്ളവ ചെല്ലാനുകളായും അടയ്ക്കണമെന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഡിഡികൾ ജില്ലാ ഓഫീസുകളിലേക്ക് അയച്ച് തന്ന് അവ തരംതിരിച്ച് കളക്ഷനായി ബാങ്കുകളിലേക്ക് അയയ്ക്കുകയാണ് ഇപ്പോൾ ചെയ്യുന്നത്. ഡിഡി തുക ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അക്കൗണ്ടിൽ എത്തുന്നതിന് വളരെയധികം കാലതാമസം നേരിടുകയും തന്മൂലം പലിശയിനത്തിൽ ബോർഡിന് വലിയ ഒരു സംഖ്യ നഷ്ടമാകുകയും ചെയ്യുന്നു. കൂടാതെ ഡിഡികൾ തരംതിരിക്കാനും രജിസ്റ്ററിൽ രേഖപ്പെടുത്തി കളക്ഷനായി അയയ്ക്കുന്നതിനും മറ്റുമായി വളരെയധികം

അക്കൗണ്ടിൽ വരും എന്നതിനാൽ ആദ്യഗഡു ഡിഡിയായി അടയ്ക്കണമെന്നത് ഭേദഗതി ചെയ്യേണ്ടതുണ്ട്.

7. 2005-ലെ പരിഷ്കരിച്ച പദ്ധതിയുടെ 45-ാം ഖണ്ഡിക പ്രകാരം ഒന്നാം നമ്പർ പട്ടികയിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ ടെർമിനൽ ബെനഫിറ്റ് അവരുടെ സൂപ്പറാനുവേഷൻ കാലയളവിൽ തിരികെ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരിക്കുന്നത് മാറ്റി തൊഴിലാളികൾ സൂപ്പറാനുവേഷന് മുമ്പായി പിരിഞ്ഞു പോകുന്ന മുറയ്ക്ക് അവരുടെ എക്സ്ഗ്രേഷ്യാ കൂടി നൽകാം എന്ന് ഭേദഗതി വരുത്തേണ്ടതുണ്ട്.

8. ആട്ടോറിക്ഷാ തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങളും സർവ്വീസ് ദൈർഘ്യവും ലഭിക്കുന്നതിനായി 1991-ലെ ആട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതി 2005-ലെ മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

9. ക്ഷേമനിധി സമാഹരണത്തിനായും തൊഴിലാളികൾക്ക് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായും നിലവിൽ ബോർഡിൽ പരിമിതമായ ജീവനക്കാർ മാത്രമാണുള്ളത്. ടി പോരായ്മ പരിഹരിക്കുന്നതിനായി ആവശ്യമുള്ള സൂപ്പർവൈസറി, ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുവാൻ വർക്ക് സ്റ്റഡി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

10. കൂടാതെ 2005-ലെ പരിഷ്കരിച്ച പദ്ധതി പ്രകാരമുള്ള ക്ഷേമനിധി നിരക്കും ഓരോ വാഹനങ്ങളിലും ഉണ്ടായിരിക്കേണ്ട മിനിമം തൊഴിലാളികളുടെ എണ്ണവും ഭേദഗതി ചെയ്യുന്നതിന് സംബന്ധിച്ച വിഷയത്തിൽ തൊഴിലാളി/തൊഴിലുടമ പ്രതിനിധികൾ ഒത്തുതീർപ്പിലെത്താൻ പറ്റാത്ത തരത്തിലുള്ള നിലപാട് സ്വീകരിച്ചതിനാൽ ഈ വിഷയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു

| | | | |
|---|---|---|---|
| | | | വരികയാണ്. |
| (ബി) | പ്രസ്തുത ക്ഷേമനിധി പരിഷ്കരിച്ച് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | മേൽ വിവരിച്ച പോരായ്മകൾ പരിഹരിച്ച് ക്ഷേമനിധി പരിഷ്കരിച്ച് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ